# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>

1392 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പ് വരുത്തുവാൻ എന്തെല്ലാമാണ് പൊതുമരാമത്ത് വകുപ്പ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്ത് ഇൻഫ്രാസ്ട്രക്ചർ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ആക്ടിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവര്‍ത്തികളുടെ ഗുണമേന്മ</u>

1393 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്ത് നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി എന്ത് നടപടികള്‍ കൂടുതലായി സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയുടെയും പ്രയോജനം എത്ര വര്‍ഷം വരെ ഉറപ്പ് വരുത്തണം എന്നതിന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഡി) ടെണ്ടര്‍ തുകയേക്കാളും കുറഞ്ഞ നിരക്കില്‍ കരാറെടുക്കുന്ന റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാന്‍ സംവിധാനം ഏര്‍പ്പെടുത്തുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണനയം</u>

1394 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിത നിർമ്മാണ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണമേഖലയിൽ പാരിസ്ഥിതിക-സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാനും അസംസ്കൃത വസ്തുക്കളുടെയും പ്രകൃതി നിർമ്മിത സാമഗ്രികളുടെയും ലഭ്യതക്കുറവിന് പരിഹാരം കാണാനും വർദ്ധിച്ചുവരുന്ന ഊർജ്ജോത്പാദനത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നയത്തിൽക്കൂടി സംസ്ഥാനത്തെ റോഡുകൾക്കും വകുപ്പിന്റെ കെട്ടിടങ്ങൾക്കും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

1395 ശ്രീ. കെ. ശിവദാസൻ നായർ
'' ലൂഡി ലൂയിസ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ആധുനിക നിലവാരത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡാണ് നിർമ്മിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എത്ര തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിനെ ആഗോള നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിന് നടപടി</u>

1396 ശ്രീ. വി.റ്റി.ബല്‍റാം
,, അന്‍വര്‍ സാദത്ത്
,, എ.റ്റി. ജോര്‍ജ്
,, വി.പി.സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ആഗോള നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റാനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി ഈ സര്‍ക്കാരിന്റെ കാലത്ത് എന്തെല്ലാം പരിഷ്കാരങ്ങള്‍ വകുപ്പില്‍ വരുത്തുകയുണ്ടായി; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഇ-ടെൻഡറിംഗ് നടപടികൾ</u>

1397

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നിർബന്ധമാക്കാനുദ്ദേശിക്കുന്നത് എന്നു മുതലാണെന്ന് വിശദമാക്കുമോ;

(സി) ഇ-ടെൻഡറിംഗ് നടപടികൾ കരാറുകാർക്കും മറ്റും പരിചയപ്പെടുത്തുന്നതിന് സംസ്ഥാനത്തുടനീളം ശില്പശാലകൾ സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിൽ 'ഇ-ടെണ്ടറിംഗ്' സംവിധാനം</u>

1398 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ 'ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭ്യമാക്കുന്നത്;

(ഡി) ടെണ്ടറിങ്ങിലുള്ള സുതാര്യതയ്ക്കുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചതും ചെലവഴിച്ചതുമായ തുക</u>

1399 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിൻകീഴിൽ ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 വർഷം വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് നടത്തുന്ന</u>
<u>വികസനപ്രവര്‍ത്തനങ്ങള്‍</u>

1400 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ വികസനപ്രവര്‍ത്തനങ്ങള്‍ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) എന്തു തുക വീതമാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിരിക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കില്‍ അതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികള്‍ എന്നത്തേക്ക് പൂര്‍ത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റാന്നി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ</u>

1401 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്;

(ബി) അവയുടെ നിർമ്മാണപുരോഗതി സംബന്ധിച്ചും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നത് സംബന്ധിച്ചും വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പി. ഡബ്ല്യൂ. ഡി. വകുപ്പിന്റെ നേതൃത്വത്തിൽ</u>
<u>അടിസ്ഥാന സൗകര്യ വികസനം</u>

1402 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യൂ.ഡി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് കോൺഫറൻസ് നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ടതെന്ന് വിശദമാക്കുമോ;

(സി) നിർമ്മാണരംഗത്തെ ആധുനിക രീതികൾ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തുന്ന് സംബന്ധിച്ച് എന്തെല്ലാം ചർച്ചകളാണ് നടത്തുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുണ്ടായിരുന്ന റോഡുകളുടെ നവീകരണം

1403 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുണ്ടായിരുന്ന എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്; ഏറ്റെടുക്കപ്പെട്ട റോഡുകളുടെ നവീകരണത്തിന് എന്ത് തുക ചിലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിന് എന്തു തുകയാണ് 2012-13 ലെ ബഡ്ജറ്റിൽ നീക്കിവെച്ചിരുന്നത്; ഇതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു;

(സി) വകുപ്പ് ഏറ്റെടുത്ത് മേജർ ഡിസ്ട്രിക്ട് റോഡുകളായി പ്രഖ്യാപിച്ച എത്ര റോഡുകൾ ഇനിയും നവീകരിക്കാൻ ബാക്കിയുണ്ട്; ഇതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; ഇതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ വർക്കുകൾ</u>

1404 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഗവ:ൽ നിന്നും പ്രത്യേക ഉത്തരവിന്റെയടിസ്ഥാനത്തിൽ നേടിയെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെങ്കിലും നേരിട്ട് നിർവ്വഹിക്കുന്നുണ്ടോ;

(ബി) ഏറ്റെടുക്കുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളും ടെണ്ടർ നടപടി ക്രമങ്ങളിലൂടെ മാത്രം കോൺട്രാക്റ്ററെ കണ്ടെത്തിയാണോ നിർവ്വഹിക്കുന്നത്;

(സി) ടെണ്ടർ വിളിക്കാതെ, കോർപ്പറേഷന്റെ പാനലിൽ ഉൾപ്പെട്ട ഏതെങ്കിലും കോൺട്രാക്ടറെക്കൊണ്ട് വർക്ക് നിർവ്വഹിപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം വർക്കുകളാണ് ടെണ്ടറില്ലാതെ കോൺട്രാക്ടറെക്കൊണ്ട് കോർപ്പറേഷൻ നേരിട്ട് ചെയ്യിപ്പിച്ചിട്ടുള്ളതെന്നും അവ ഓരോന്നിന്റെയും കരാർ തുക, അധിക തുക, കോൺട്രാക്ടറുടെ പേര് എന്നിവ സഹിതം വിശദമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷനെ ഏല്‍പിച്ച പൊതുമരാമത്ത് പ്രവൃത്തികള്‍</u>

1405 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 വര്‍ഷത്തില്‍ കണ്‍സള്‍ട്ടന്‍സി വ്യവസ്ഥകള്‍ക്ക് വിധേയമായി കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷനെ ഏല്‍പ്പിച്ച പൊതുമരാമത്ത് പ്രവൃത്തികള്‍ ഏതൊക്കെ;

(ബി) അവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര;

(സി) കോര്‍പ്പറേഷന്റെ കണ്‍സള്‍ട്ടന്‍സി ഫീസ് എത്ര;

(ഡി) പൊതുമരാമത്ത് ടെണ്ടര്‍ വിളിച്ചപ്പോള്‍ ക്വാട്ട് ചെയ്യപ്പെട്ട കുറഞ്ഞ നിരക്ക് എത്ര;

(ഇ) എസ്റ്റിമേറ്റ് നിരക്കിനേക്കാള്‍ എത്ര ശതമാനം എക്സസ് ആവശ്യപ്പെടുകയുണ്ടായി;

(എഫ്) വര്‍ക്ക് അവാര്‍ഡ് ചെയ്തത് ആര്‍ക്കാണ്;

(ഇ) കോര്‍പ്പറേഷന്‍ വര്‍ക്ക് അവാര്‍ഡ് ചെയ്തത് ടെണ്ടറിലൂടെയാണോ; അല്ലെങ്കില്‍ കരാറുകാരനെ കണ്ടെത്തിയ നടപടിക്രമം വിശദമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് മൂലമുള്ള അധികചെലവ്

1406 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വകുപ്പിലെ ദർഘാസ് നടപടിക്രമങ്ങൾ അനുസരിച്ച് ഏറ്റവും താഴ്ന്ന നിരക്ക് രേഖപ്പെടുത്തുന്ന കരാറിൽ നിന്നും 10% അധിക തുകയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ എടുക്കുന്ന പ്രവൃത്തികളുടെ കോൺട്രാക്ട് എം.ഒ.യു റൂട്ടിൽ ഏതെങ്കിലും കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കോൺട്രാക്ടർമാർക്ക് എത്ര തുകയ്ക്ക് നൽകി; പ്രസ്തുത പ്രവൃത്തികളിൽ പിന്നീട് എസ്റ്റിമേറ്റിലാക്കാൻ എത്ര ശതമാനം എക്സസ് നൽകുകയുണ്ടായി;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം കോർപ്പറേഷൻ കണ്ടെത്തുന്ന കോൺട്രാക്ടർക്ക് പ്രവൃത്തികൾ ഏൽപ്പിക്കുന്നത് മൂലം പൊതുമരാമത്ത് വകുപ്പിനുണ്ടാകുന്ന അധിക ചെലവ് എത്ര?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ടെൻഡർ വിളിച്ചതിനുശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുള്ള വർക്കുകൾ

1407 ഡോ. ടി.എം.തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ടെൻഡർ വിളിച്ചതും എന്നാൽ പ്രസ്തുത വർക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുള്ളതുമായ എത്ര വർക്കുകൾ ഉണ്ട്; അവ ഏതൊക്കെ; അവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര; ടെൻഡർ എക്സസ് എത്ര; വ്യക്തമാക്കുമോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത കാലയളവിൽ ഏറ്റെടുത്ത വർക്കുകൾ ഓരോന്നും ഏതെല്ലാം കോൺട്രാക്ടർമാർക്കാണ് അവാർഡ് ചെയ്തത്; കോർപ്പറേഷൻ ഓപ്പൺ ടെണ്ടർ വിളിച്ചുകൊണ്ടാണോ ഓരോ വർക്കിനും കോൺട്രാക്ടറെ കണ്ടെത്തിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഓപ്പൺ ടെണ്ടർ വിളിച്ച് യോഗ്യരായ കോൺട്രാക്ടറെയും കുറഞ്ഞ നിരക്കും കണ്ടെത്തി വർക്കുകൾ അവാർഡ് ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര കോടി രൂപയുടെ വർക്കുകൾ അവാർഡ് ചെയ്യുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഹെവി മെയിന്റനൻസ് പദ്ധതി

1408 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം റോഡ് പുനരുദ്ധാരണത്തിന് നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക എത്ര;

(ബി) സംസ്ഥാനത്ത് ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് 2012-2013 ലെ ബജറ്റിൽ നീക്കിവെച്ച തുക മുഴുവൻ ചിലവഴിക്കുകയുണ്ടായോ; ഇല്ലെങ്കിൽ തടസ്സമെന്തെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക എത്ര?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ടം</u>

1409

ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ലോകബാങ്കിന്റെ സഹായത്തിനായി ചർച്ച നടത്തി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) സ്ഥലമെടുപ്പിനും പണി തുടങ്ങുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

2012-2013-ലെ കെ.എസ്.റ്റി.പി.
മരാമത്ത് പ്രവൃത്തികൾ

1410 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ഏതെല്ലാം മരാമത്ത് പ്രവൃത്തികൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) 2012-13 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാനായോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

(സി) 2012-13 വർഷത്തിൽ കെ.എസ്.റ്റി.പി. കക പ്രോജക്ടിനായി എത്ര തുകയാണ് അനുവദിച്ചത്;

(ഡി) ഓരോ പ്രോജക്ട് വർക്കിനും ചെലവായ തുകയുടെ വിശദാംശം നൽകുമോ;

(ഇ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കെ.എസി.റ്റി.പി. കക-ൽ ഉൾപ്പെടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഇതിനായി എത്ര തുക നീക്കിവച്ചിരിക്കുന്നു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കെ. എസ്.ടി.പി. രണ്ടാം ഘട്ടം

1411 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പ്രവൃത്തികൾക്ക് എന്ത് തുകയാണ് 2012-13-ലെ ബജറ്റിൽ വകയിരുത്തിയിരുന്നത് ; ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക നീക്കിവെച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര റോഡുകളുടെ പണി പൂർത്തീകരിച്ചു ; ചിലവഴിച്ച തുക എത്ര ;

(സി) പ്രസ്തുത പദ്ധതിപ്രകാരം കൂടുതൽ റോഡുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പാപ്പിനിശ്ശേരി - പിലാത്തറ കെ.എസ്.ടി.പി. റോഡ്</u>

1412 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പൊതുവഴിയിലെ പ്രതിമകൾ</u>

1413 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ സഞ്ചാരത്തിനു തടസ്സമാകുന്ന വിധത്തിൽ പൊതുവഴിയിൽ സ്ഥാപിക്കപ്പെട്ട പ്രതിമകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകസ്ഥലത്ത് പ്രതിമ സ്ഥാപിക്കുവാൻ എത്ര അനുമതികൾ നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മംഗലം-ഗോവിന്ദാപുരം റോഡിൽ സിഗ്നൽ ബോർഡ്</u>

1414 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മംഗലം-ഗോവിന്ദാപുരം റോഡിൽ സിഗ്നൽ ബോർഡ് സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹന അപകടങ്ങൾ വർദ്ധിച്ചു വരുന്ന പ്രസ്തുത റോഡിൽ അടിയന്തിരമായി സിഗ്നൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

റോളർ ഡ്രൈവർ, ക്ലീനർ തസ്തിക പുനർവിന്യാസം

1415 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, ക്ലീനർ തസ്തിക മോട്ടോർ വാഹന വകുപ്പിലേക്ക് പുനർവിന്യസിക്കുന്ന നടപടികളിലെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളും 2011 ആഗസ്റ്റ് മാസത്തിൽ വകുപ്പു സെക്രട്ടറി തലത്തിൽ എടുത്ത തീരുമാനവും വിശദീകരിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ റോളർ ഡ്രൈവർ, ക്ലീനർ തസ്തികയിലുള്ള ജീവനക്കാർക്ക് ജോലി ഇല്ലാത്ത സാഹചര്യത്തിൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ പ്രസ്തുത ജീവനക്കാരെ മോട്ടോർ വാഹന വകുപ്പിലേക്ക് പുനർവിന്യസിപ്പിക്കുന്ന നടപടി അടിയന്തിരമായി നടപ്പിലാക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>തലസ്ഥാനത്ത് മോണോറയിൽ പദ്ധതി</u>

1416 ശ്രീ. കെ. മുരളീധരൻ
,, എ.റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മോണോറയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഫെറിമാന്‍ നിയമനം</u>

1417 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത്** **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒഴിവുള്ള ഫെറിമാന്‍ തസ്തികകള്‍ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ജില്ലയില്‍ കഴിഞ്ഞ അഞ്ച് വര്‍ഷമായി ഫെറിമാന്‍ തസ്തികയില്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കാതിരുന്നിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെ ജില്ലകളാണ്;

(സി) ഒഴിവുള്ള ഫെറിമാന്‍ തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പില്ലല്ലാതെ ഫെറിമാന്‍ തസ്തിക മറ്റേതെങ്കിലും വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഫെറിമാന്‍ തസ്തികയിലെ മുഴുവന്‍ ഒഴിവുകളും അടിയന്തിരമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഒഴിവുള്ള ഫെറിമാന്‍ തസ്തികകള്‍ നികത്തുന്നതില്‍ എന്തെങ്കിലും നിയമ തടസ്സങ്ങള്‍ നിലവിലുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ജി) പ്രസ്തുത ഒഴിവുകള്‍ 2013 മാര്‍ച്ച് 31- നുമുമ്പ് നികത്തുന്നതിന് നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്</u>

1418 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ആരംഭിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) മങ്കട മണ്ഡലത്തിൽ എവിടെയാണ് പ്രസ്തുത ഓഫീസ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ് സ്കീമുകൾ

1419 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ് സ്കീമുകൾ പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ/പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാം;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കുമോ;

(ഡി) നബാർഡ് ഫണ്ടിനായി നിർദ്ദേശിച്ചിട്ടുള്ള പുതിയ പദ്ധതികൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

(ഇ) ഇതിൽ ഏത് പദ്ധതികൾക്കെല്ലാം അംഗീകാരം ലഭിച്ചു ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പി. എച്ച്. സി. റോഡ് നിർമ്മാണം

1420 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തിയ പി. എച്ച്. സി. റോഡ് കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് നബാർഡ് അനുവദിച്ചിട്ടുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് മുഖേന നടത്തുന്ന വികസന പ്രവർത്തനങ്ങൾ</u>

1421 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് മുഖേന പൊതുമരാമത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ബേപ്പൂർ നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പദ്ധതികൾക്ക് ഭരണാനുമതി

1422 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും പ്രവൃത്തികൾക്കുവേണ്ടി നൽകിയ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നുള്ള പദ്ധതികൾ**

1423 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടിൽനിന്നും പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കേണ്ട ഓരോ പദ്ധതിയും ഏതെല്ലാം ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ;

(സി) പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

<u>മാവേലിക്കര മണ്ഡലത്തിലെ റോഡ് നിര്‍മ്മാണം</u>

1424 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പള്ളം - ചത്തിയറ റോഡ് ആസ്തി വികസന ഫണ്ടിലുള്‍പ്പെടുത്തി നിര്‍മ്മിക്കുന്നതില്‍ എന്തെങ്കിലും തടസ്സം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(ബി) മണ്ഡലത്തിലെ കണ്ടിയൂര്‍ ബൈപ്പാസിന്റെ നിര്‍മ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി പൂര്‍ണ്ണമായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) എങ്കില്‍ എസ്റ്റിമേറ്റ് തയ്യാറാക്കി നല്‍കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റോഡ് പണികളുടെ കരാർ</u>

1425 ശ്രീ. സി.കെ.നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി ക്ക് കീഴിൽ ടെൻഡർ ചെയ്ത് കരാർ ഏറ്റെടുത്ത റോഡുകളുടെ പണികൾക്ക് ശരാശരി എത്ര കാലാവധിയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കരാർ കഴിഞ്ഞ പ്രവൃത്തികൾ പെട്ടെന്ന് തീർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെ; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി</u>

1426

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതെല്ലാമാണ്;

(ബി) ഇവയ്ക്ക് ഭരണാനുമതി നൽകിയ തീയതി ഏതെന്നും ഓരോന്നിന്റെയും തുക എത്ര വീതമാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സങ്ങളുണ്ടോ;

(ഡി) പ്രസ്തുത റോഡുകൾ സിറ്റിക്കു പുറത്തെ ഏതെങ്കിലും ജംഗ്ഷനുകളുമായി ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) സി.ഡബ്ല്യു.ആർ.ഡി.എം. വരെയുള്ള റോഡ് ചേരിഞ്ഞാൽ വഴി കുന്ദമംഗലവുമായും സി.ഡബ്ല്യു.ആർ.ഡി.എം. വഴി മിൽമാ ജംഗ്ഷനുമായും ബന്ധിപ്പിക്കുന്നത് കൂടുതൽ ഉപയോഗപ്രദമാകുമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ മേൽപ്രവൃത്തിക്കുള്ള ഫണ്ടിൽ നിന്ന് പ്രസ്തുത പ്രവൃത്തി കൂടി ഏറ്റെടുക്കുന്നതിന് തയ്യാറാവുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ദേശീയ പാതകൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ</u>

1427 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ഡൊമനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതകൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾക്ക് എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അലൈൻമെന്റുമായി ബന്ധപ്പെട്ട പാകപ്പിഴകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ഥലമെടുപ്പ് പരാതികൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ദേശീയ പാതകൾക്ക് ഇപ്പോഴുള്ള വീതി എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ദേശീയ പാത-17-ൽ നാലുവരിപ്പാത നിർമ്മാണം</u>

1428 ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത-17-ൽ നാലുവരിപ്പാത നിർമ്മിക്കുന്നതിന് അലൈൻമെന്റ് പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കൽ ഏതു ഘട്ടത്തിലാണ്;

(സി) ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കുമോ;

(ഡി) ഭൂവുടമകളുമായി സർക്കാർ ഏതെങ്കിലും തരത്തിൽ ആശയവിനിമയം നടത്തുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കരമന - കളിയിക്കാവിള റോഡ് വികസന പദ്ധതി</u>

1429

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള റോഡ് വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി എത്ര ഘട്ടമായാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഓരോ ഘട്ടത്തിലെയും പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കരമന - കളിയിക്കാവിള റോഡ് വികസനം</u>

1430 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള റോഡ് വികസനം ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഒന്നാംഘട്ട സ്ഥലമെടുപ്പിനു നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വികസനത്തിന് ബജറ്റിൽ എന്ത് തുകയാണ് നീക്കി വച്ചിരുന്നത്; ഇതിൽ ചിലവഴിക്കാൻ കഴിയാത്ത തുക എത്ര;

(സി) പ്രസ്തുത റോഡിന്റെ വികസന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാനാകും; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മധുര - കോട്ടയം - ചേർത്തല ടൂറിസം ഹൈവേ</u>

1431 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മധുര - കോട്ടയം - ചേർത്തല ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് ജോലികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹൈവേയുടെ സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഹൈവേ കടന്നുപോകുന്ന പ്രദേശത്തെക്കുറിച്ച് പരിസ്ഥിതി ആഘാതപഠനം നടന്നിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് ഹാജരാക്കുമോ;

(ഇ) ഏതു കമ്പനിയാണ് പ്രസ്തുത വർക്ക് ഏറ്റെടുത്തിരിക്കുന്നത്;

(എഫ്) ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ അനിശ്ചിതത്വത്തിലായതു കാരണം സ്ഥലമെടുപ്പ് നടപടികൾക്ക് വിധേയരായ ജനങ്ങളുടെ വസ്തുവകകൾ ക്രയവിക്രയം ചെയ്യാനോ മാറ്റം വരുത്താനോ സാധിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കൊല്ലം-തേനി റോഡ് നിർമ്മാണം

1432 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളതു കൊല്ലം ഹൈസ്ക്കൂൾ ജംഗ്ഷൻ-അഞ്ചാലുംമൂട് വഴി കുണ്ടറ ഭരണിക്കാനം, ചാരുംമൂട് വഴി ചെങ്ങന്നൂർ വഴിയുള്ള പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായിട്ടുണ്ട്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം- മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പ്</u>

1433 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പരാതികൾ പരിശോധിച്ച് പരിഹരിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ശബരിമല തിരുവാഭരണപാതയിലെ റോഡുകളുടെയും പാലത്തിന്റെയും നിർമ്മാണം</u>

1434 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തിരുവാഭരണ പാതയിലെ പൂവത്തുംമൂട്ടിൽ നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇനിയും പൂർത്തിയാകാത്തതിനാൽ പാലത്തിന്റെ യഥാർത്ഥ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്രയാണ്; ഇതിന് ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ ചുമതലയിലാണുളളത്; പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാതയിലെ പേരൂർച്ചാൽ കടവിൽ നിർമ്മിക്കുന്ന പാലത്തിന്റെ നിർമ്മാണം ടെൻഡർ ചെയ്തെങ്കിലും, പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; മഴക്കാലം വരുന്നതിനു മുൻപായി നദിയിൽ ചെയ്തു തീർക്കേണ്ട പ്രവൃത്തികൾ ചെയ്യാൻ കഴിയുംവിധം പ്രസ്തുത പ്രവൃത്തി അഡീഷണൽ ഫണ്ട നുവദിച്ച് നിർമ്മാണമാരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി) ശബരിമല-മണ്ണാരക്കുളഞ്ഞി പാതയിലെ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നിർമ്മിക്കുന്ന നടപ്പാലത്തിന്റെ നിർമ്മാണത്തിന്റെ അംഗീകരിച്ച എസ്റ്റിമേറ്റ് തുക എത്ര; പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ശബരിമല തിരുവാഭരണപാതയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പേങ്ങാട്ട്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏതുവരെയായിട്ടുണ്ട്; ഡിസൈൻ പൂർത്തീകരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ ഭരണാനുമതിക്കായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ:

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

(ഇ) വലിച്ചാൽ പാലം നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ; എന്നാണ് ടെൻഡർ ചെയ്തത്; പ്രവൃത്തി ആരാണ് എടുത്തിട്ടുളളത്; നിർമ്മാണം ആരംഭിച്ചുവോ; കരാർ കാലാവധി എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ശബരിമല റോഡ് പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ റോഡ് വികസനം</u>

1435

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശബരിമല റോഡ് പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ റോഡുകൾക്ക് അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) കർണ്ണാടകത്തിൽ നിന്നും വരുന്ന തീർത്ഥാടകരുടെ പ്രവേശന ജില്ല എന്ന നിലയിൽ കാസർഗോഡ് ജില്ലയിലെ നാഷണൽ ഹൈവേ തുടങ്ങിയ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിന് പ്രസ്തുത പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അനുവദിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) വരും വർഷങ്ങളിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് പദ്ധതി</u>

1436 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് - പാണത്തൂർ റോഡ്, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, റോഡിന്റെ വീതി തുടങ്ങിയ വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തികൾ എന്ന് തുടങ്ങുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ റീഹാബിലിറ്റേഷൻ വിഭാഗത്തിൽ പ്രവൃത്തികൾ</u>

1436 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1204 കിലോമീറ്റർ റോഡ് വികസന പദ്ധതി പ്രകാരം റീഹാബിലിറ്റേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത വിഭാഗത്തിൽ കൊല്ലം ജില്ലയിൽ ഉൾപ്പെട്ട പ്രവൃത്തികളും അവയിൽ ഇതുവരെ നടത്തിയ നവീകരണങ്ങളും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനും നവീകരണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ
റോഡ് നിർമ്മാണം

1438

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന 8500 കി.മീറ്റർ റോഡുകളിൽ, ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങ്, ചിറയിൻകീഴ്, മംഗലപുരം, കടയ്ക്കാവൂർ, കീഴുവിലം, മുദാക്കൽ, കഠിനംകുളം, അഴൂർ എന്നീ 8 പഞ്ചായത്തുകളിൽപ്പെട്ട, എത്ര കിലോമീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) നടപ്പുസാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലായി തിരുവനന്തപുരം ജില്ലയിൽ എത്ര റോഡുകളുടെ നിർമ്മാണത്തിന് എ.എസ്. നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) അവ ഏതെല്ലാമെന്ന് ഓരോന്നിനും അനുവദിച്ച തുക സഹിതം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

**കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികള്‍**

1439 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ ഇപ്പോള്‍ പ്രവൃത്തികള്‍ നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ വിശദാംശവും അവയുടെ ബഡ്ജറ്റ് വിഹിതവും ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകള്‍ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത് എന്നാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകള്‍ എന്നേയ്ക്ക് പൂര്‍ത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡുകള്‍ക്ക് നടപ്പുവര്‍ഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനംതിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റ പണി</u>

1440 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ തകർന്ന താഴെ പറയുന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

1. വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം
2. കാങ്കോൽ - ചീമേനി
3. പയ്യന്നൂർ - അമ്പലത്തറ - കാനായി - മണിയറ
4. ചെറുതാഴം - കുറ്റൂർ - പെരിങ്ങോം

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

റാന്നി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

1441 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ തകർന്നുകിടക്കുന്ന വിവിധ പൊതുമരാമത്ത് റോഡുകളിൽ 2012 ജൂൺ മുതൽ ഇതേവരെ നടത്തിയ അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ, റോഡുകളുടെ പേരും, ഏതുതരത്തിലുള്ള പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് എന്നും, തുക സഹിതം, സബ് ഡിവിഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) തടിയൂർ - ചുഴന - ഇരുബൂകുഴി - എഴുമറ്റൂർ, എഴുമറ്റൂർ - പെരുമ്പാറ - ശാസ്താംകോയിക്കൽ എന്നീ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് എത്ര തുക വീതമാണ് അനുവദിച്ചത്; നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ചടയമംഗലം മണ്ഡലത്തിലെ റോഡ്‌വികസനം അറ്റകുറ്റ പണികള്‍</u>

1442 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് ചടയമംഗലം മണ്ഡലത്തില്‍ പി.ഡബ്ല്യു.ഡി മുഖേന എത്ര റോഡുകളുടെ വികസനം, അറ്റകുറ്റപ്പണികള്‍ എന്നിവ ഏറ്റെടുത്തു നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പേരുവിവരവും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) പുതുതായി ടെന്‍ഡര്‍ നടപടികള്‍ സ്വീകരിച്ചിട്ടുള്ള റോഡുകള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ തെക്കില്‍ - ആലറ്റി റോഡ് ഗതാഗത യോഗ്യമാക്കാന്‍ നടപടി</u>

1443 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ പ്രധാന എം.ഡി.ആര്‍. റോഡായ തെക്കില്‍ - ആലറ്റി പി.ഡബ്ല്യൂ.ഡി. റോഡ് കുഴികള്‍ നിറഞ്ഞ് ഗതാഗത യോഗ്യമല്ലാതായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് അറ്റകുറ്റപ്പണി ചെയ്യുന്നതിനും ഉപരിതലം പുതുക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ 32 കി.മീ. ദൈര്‍ഘ്യമുള്ള പ്രസ്തുത റോഡിന് ഈ ഇനത്തില്‍ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കില്‍ പ്രസ്തുത ആവശ്യത്തിലേക്കായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പൗണ്ട് - കാരിക്കുളം കടവ് റോഡ് നിർമ്മാണം</u>

1444 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ പുനരുദ്ധാരണത്തിനായി പൗണ്ട് - കാരിക്കുളംകടവ് റോഡ് പണി തീർക്കുന്നതിനായി ഭരണാനുമതിയും, തുകയും അനുവദിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>എരമംഗലം-നരണിപ്പുഴ റോഡ് നിർമ്മാണം</u>

1445 ശ്രീ. പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച എരമംഗലം - നരണിപ്പുഴ റോഡിന്റെ എ.എസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി ജംഗ്ഷനിലെ നാലുവരിപ്പാത നിർമ്മാണം</u>

T1446 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ട്രാഫിക് ഐലന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി ജംഗ്ഷൻ നാലുവരിപ്പാത ആക്കുന്നതിനുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ ഫ്ളൈ ഓവറിന്റെ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കരയിൽ റിംഗ് റോഡ് നിർമ്മാണം</u>

1447 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ റിംഗ് റോഡ് നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; തുക എന്നാണ് അനുവദിച്ചത്'

(ബി) പ്രസ്തുത പ്രോജക്ട് തയ്യാറാക്കുന്നതിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടിന്റെ അന്തിമ റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കൊല്ലം എൻ-എച്ച് ബൈപാസിന്റെ പുതുക്കിയ നിർമ്മാണ രീതി</u>

1448 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം എൻ-എച്ച് ബൈപാസിന്റെ പുതുക്കിയ നിർമ്മാണ രീതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര;

(സി) ഇതിനുവേണ്ടിയുള്ള തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ബൈപാസിന് വേണ്ടി കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മക്കരപറമ്പ് ബൈപ്പാസ് നിര്‍മ്മാണം</u>

1449 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മക്കരപറമ്പ് ബൈപ്പാസ് നിര്‍മ്മിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത ബൈപ്പാസ് നിര്‍മ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കില്‍ എന്‍.എച്ച് 213 ലെ ഏറ്റവും ഇടുങ്ങിയ പാതയായ മക്കരപറമ്പ് ഭാഗത്തെ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് മക്കരപറമ്പ് ബൈപ്പാസ് നിര്‍മ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ചാലക്കുടി റെയിൽവെ അണ്ടർ പാസ് അപ്രോച്ച് റോഡിന്റെ നിർമ്മാണം</u>

1450 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ റെയിൽവെ അണ്ടർ പാസ്സിന്റെ പണി പൂർത്തീകരിച്ച സാഹചര്യത്തിൽ, അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് തുക ലഭ്യമാക്കി, അടിയന്തിരമായി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>തിരുവല്ല ബൈപ്പാസ് നിർമ്മാണം</u>

1451 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസ് കെ.എസ്.ടി.പിയിലാണോ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി ആണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ടി.പി അല്ല എങ്കിൽ ഏത് നിർമ്മാണ ഏജൻസിയെയാണ് പ്രസ്തുത ജോലി ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ രണ്ടുവരി ബൈപ്പാസ് നിർമ്മാണം</u>

1452 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ ആലപ്പുഴ രണ്ടുവരി ബൈപ്പാസ് കേന്ദ്ര - സംസ്ഥാന പങ്കാളിത്തത്തിൽ ഏറ്റെടുത്ത് നിർമ്മിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ ;

(ബി) ഇതിനായി സംസ്ഥാന ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത് ; തുക മുഴുവൻ ചിലവഴിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ചാലക്കുടി ആശുപത്രി - പാലസ് റോഡ് പുനരുദ്ധാരണം

1453 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ആശുപത്രി - പാലസ് റോഡിന്റെ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുളള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പുന:രുദ്ധാരണത്തിനായി അടിയന്തിരമായി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പൊന്നാനി - വെങ്ങളം തീരദേശപാത</u>

1454 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി - വെങ്ങളം തീരദേശപാതയുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

(ബി) പ്രസ്തുത പാതയുടെ ടൂറിസം വികസന സാധ്യത പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണത്തിന് 2012-13 ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; എത്ര തുക ഇതിനകം ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാതയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് പറയാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തികൾ</u>

1455 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടുള്ളതും കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതുമായ റോഡ്, പാലം, കെട്ടിടം മുതലായ മരാമത്ത് പണികൾ ഏതൊക്കെയെന്നും അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പാലിയേക്കരയിലെ ടോൾ നിരക്ക് കുറയ്ക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കലും</u>

O1456 ശ്രീ. ബി. ഡി. ദേവസ്സി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 47-ൽ പാലിയേക്കരയിലെ ടോൾ നിരക്ക് കുറയ്ക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിനും മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പാലിയക്കര ടോൾ പ്ലാസയിലെ ടോൾ പിരിവ്</u>

੦1457 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് പാലിയക്കര ടോൾ പ്ലാസയിൽ വാഹനങ്ങളുടെ ടോൾ നിരക്ക് കുറയ്ക്കാം എന്ന് ധാരണയുടെ അടിസ്ഥാനത്തിൽ നിരക്ക് കുറച്ചിട്ടില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിരക്ക് കുറയ്ക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അമനാട്ടുകര-കോഴിക്കോട് ബൈപാസ്</u>
<u>റോഡിലെ ടോൾ പിരിവ്</u>

1458 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര-കോഴിക്കോട് ബൈപ്പാസ് റോഡിൽ അഴിഞ്ഞിലം കടവ് റിസോർട്ടിനടുത്തുള്ള ടോൾ ബൂത്തിൽ നിന്നും ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടോൾ പിരിവ് തുടങ്ങിയത് എന്നാണ്; ആകെ എത്ര തുക പിരിക്കുന്നതിനാണു നിർദ്ദേശം നൽകിയതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പടന്നക്കാട് ആർ.ഒ.ബി യിലെ ടോൾ പിരിവ് അഴിമതി</u>

1459 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ പടന്നക്കാട് ആർ.ഒ.ബി യിലെ ടോൾ പിരിവ് അഴിമതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വെട്ടിപ്പ് നടത്തിയവർക്കും കൂട്ടുനിന്നവർക്കും എതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പടന്നക്കാട് റെയിൽവേ മേൽപ്പാലം
ടോൾ പിരിവിൽ അഴിമതി

1460 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടന്നണക്കാട് റെയിൽവേ മേൽപ്പാലം ടോൾ പിരിവിൽ അഴിമതി നടത്തിയതിന് എന്നാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത് എന്നറിയിക്കുമോ;

(ബി) ഏത് ഉദ്യോഗസ്ഥനാണ് കേസ് അന്വേഷിക്കുന്നത്; കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(ഡി) വകുപ്പുതല അന്വേഷണം പ്രഖ്യാപിച്ചിരുന്നുവോ;

(ഇ) എങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തുന്നത് എന്നും, എന്നാണ് അന്വേഷണം ആരംഭിച്ചത് എന്നും അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കൊച്ചി നഗരത്തിലെ ഫ്ളൈഓവറുകൾ പദ്ധതി</u>

1461 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമായി ഫ്ളൈ ഓവർ പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര ഫ്ളൈ ഓവർ എവിടെയൊക്കെയാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ചെലവ് എത്രയാണ്;

(ഡി) കേന്ദ്ര സർക്കാരിന്റെ ധനസഹായം പ്രസ്തുത പദ്ധതിയ്ക്ക് ലഭിക്കുമോ;

(ഇ) നഗരത്തിൽ എത്ര ജനങ്ങളെ ഇതിനായി കുടിയൊഴിപ്പിക്കേണ്ടി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

1462 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡത്തിൽ സർക്കാർ ഫണ്ടിലുൾപ്പെടുത്തിയിരിക്കുന്ന പാലങ്ങൾ ഏതൊക്കെ; ഇവയുടെ നിലവിലെ സ്ഥിതി, എസ്റ്റിമേറ്റ് തുക എന്നിവ വ്യക്തമാക്കുമോ;

(ബി) എം.സി. റോഡിനെയും എൻ.എച്ച്.നെയും ബന്ധിപ്പിക്കുന്ന റോഡിലെ ഈരിക്കൽ പാലം, ഇരപ്പൻപാറ പാലം എന്നീ പാലങ്ങൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ കുറത്തികാട് ജംഗ്ഷൻ - മാവേലിക്കര റോഡ് നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കുറത്തികാട് ഹൈസ്കൂൾ ജംഗ്ഷൻ - നരേന്ദ്രപ്രസാദ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

എം. സി. റോഡിലെ പാലങ്ങളുടെ പന്നിക്കുഴി,
ഇറപ്പുഴ വീതി കൂട്ടൽ

1463 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിൽ തിരുവല്ല മണ്ഡലത്തിലെ പന്നിക്കുഴി, ചെങ്ങന്നൂർ മണ്ഡലത്തിലെ ഇറപ്പുഴ എന്നീ പാലങ്ങൾ വീതികൂട്ടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കും; വിശദമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എളവൂർ റെയിൽവേ മേൽപ്പാലം</u>

T1464 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ എളവൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മുട്ടേൽ - മുണ്ടയ്ക്കൽ പാലങ്ങളുടെ നിർമ്മാണം</u>

1465 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈനകരി പഞ്ചായത്തിലെ മുട്ടേൽ മുണ്ടയ്ക്കൽ പാലങ്ങളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മുട്ടേൽ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) മുണ്ടയ്ക്കൽ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനും ഡിസൈൻ അംഗീകാരത്തിനും എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

മമ്പറം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

1466 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മമ്പറം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനത്തിന് തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

1467 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ ഏതുവരെയായി; വിശദമാക്കുമോ;

(ബി) ചെല്ലഞ്ചി പാലം നിർമ്മിക്കുന്നതിനായി ഭൂമി വിട്ടുതന്ന വ്യക്തികൾ ആരെല്ലാം; ഇവർ എത്ര ഭൂമി വീതമാണ് നൽകിയതെന്ന് അറിയിക്കുമോ;

(സി) ഇവർക്ക് ഇതിനകം എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) നഷ്ടപരിഹാരം നൽകിയിട്ടില്ലായെങ്കിൽ അതിന്റെ നടപടി ഏതുവരെയായി; എത്രസമയം വേണ്ടിവരും; വിശദമാക്കാമോ;

(ഇ) പ്രസ്തുത പാലത്തിന്റെ പണികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(എഫ്) ഭൂമി വിട്ടുനൽകിയപ്പോൾ കിടപ്പാടം നഷ്ടപ്പെട്ട എത്ര പേരുണ്ടെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

1468 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ബി) ഇതിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണ്;

(സി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കോട്ടക്കീൽക്കടവ് - പട്ടുവം പാലം</u>

1469 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കോട്ടക്കീൽക്കടവ് - പട്ടുവം പാലത്തിന്റെ വിശദമായ ഡിസൈൻ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>അത്തിപ്പൊറ്റപ്പാലം പുനർ നിർമ്മിക്കാനുള്ള നടപടികൾ</u>

1470 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനർ നിർമ്മിക്കാനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ പുനർ നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഇതിനുള്ള അപേക്ഷ ലഭിച്ചിരുന്നോ;

(ഡി) പുതിയ ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഭരണാനുമതി ലഭിച്ചതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ വീണ്ടും പുതുക്കിയ എസ്റ്റിമേറ്റും ഭരണാനുമതിയും വേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കെട്ടിടനിർമ്മാണ പ്രവൃത്തികൾ

1471 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പി.ഡബ്ല്യുഡി. കെട്ടിട വിഭാഗത്തിലെ പ്രധാന പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തുക എത്ര; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ ഭരണാനുമതി നൽകിയതും ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയും അനുവദിച്ച പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാം;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) തയ്യാറാക്കി സമർപ്പിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിലെ ഏത് ഓഫീസുകളിലാണ് കാലതാമസം വരുന്നത്; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതിക്കായി എന്തെല്ലാം നടപടികൾ ഉടനെ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

നെന്മാറ ഗേൾസ് ഹയർസെക്കൻഡറി
സ്കൂളിലെ കെട്ടിട നിർമ്മാണ

1472 ശ്രീ. വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മാറ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ കെട്ടിടം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പൊന്നാനി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

1473 ശ്രീ. പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച മാറാഞ്ചേരി ജി.എച്ച്.എസ്.എസ് കെട്ടിടം മൂക്കുതല പി.സി.എൻ.ജി.എച്ച്.എസ്.എസ് കെട്ടിടം, പാലപ്പെട്ടി ജി.എച്ച്.എസ്.എസ് കെട്ടിടം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഇവയുടെ എ.എസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് ഇവ പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

1474 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ സിവിൽസ്റ്റേഷൻ രണ്ടാം ഘട്ടം നിർമ്മാണം</u>

1475 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സിവിൽസ്റ്റേഷൻ രണ്ടാം ഘട്ടം നിർമ്മാണത്തിന്റെ പൂർത്തീകരണം നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുളളത്;

(ഡി) ഇനി ഏതെല്ലാം തരത്തിലുള്ള പണികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ സിവിൽ സ്റ്റേഷൻ അനക്സിന്റെ നിർമ്മാണം</u>

1476 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ സിവിൽ സ്റ്റേഷൻ അനക്സ് ബിൽഡിംഗ് നിർമ്മാണത്തിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മഞ്ചേരിയിൽ പുതിയ കോടതി സമുച്ചയ നിർമ്മാണം</u>

1477 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷം ഏർപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) മഞ്ചേരി കോടതി സമുച്ചയത്തിന്റെ നിലവിലുള്ള കെട്ടിടങ്ങൾ സ്മാരകമായി നിലനിർത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) മഞ്ചേരിയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലാ രജിസ്ട്രാറുടെ ഓഫീസ് കെട്ടിട നിർമ്മാണം

1478 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ രജിസ്ട്രാറുടെ ഓഫീസ് കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കക്കോടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം</u>

1479 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കക്കോടി സബ് രജിസ്ട്രാർ ഓഫീസിനായി സൗജന്യമായി ലഭിച്ച 4.09 സെന്റ് സ്ഥലത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>മഞ്ചേരിയിൽ റെസ്റ്റ് ഹൗസ്</u>

1480 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റെസ്റ്റ്ഹൗസുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി നടപ്പു സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) മഞ്ചേരിയിൽ പുതിയ റെസ്റ്റ് ഹൗസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജനുവരി 30.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.